തിരശ്ശീല

ധാരാളം മഹാരഥന്മാരുടെ മരണം കണ്ടിട്ടുള്ളവരാണ് നാം. ഇല്ലെങ്കിൽ കേട്ടിട്ടെങ്കിലുമുണ്ട്. എന്നാൽ അവരുടെയൊന്നും മരണത്തിൽ സംഭവിച്ചിട്ടില്ലാത്ത ഒരു മഹാത്ഭുതം ഈശോയുടെ മരണ സമയത്ത് സംഭവിച്ചു.

എന്താണ് ഈശോയുടെ മരണസമയത്ത് നടന്ന ആ മഹാത്ഭുതം?
ലോകത്തിൽ തന്നെ ചരിത്രമെഴുതി കടന്നുപോയ മറ്റാരുടേയും മരണസമയത്ത് സംഭവിക്കാതിരുന്ന ആ മഹാത്ഭുതമെന്താണ്?

വിശുദ്ധ മത്തായിയുടെ സുവിശേഷം 27-ാം അദ്ധ്യായം 51-ാം വാക്യത്തിൽ ആ മഹാത്ഭുതത്തെക്കുറിച്ച് പറയുന്നുണ്ട്. അതിപ്രകാരമാണ്. ദേവാലയത്തിലെ തിരശ്ശീല മുകൾ മുതൽ താഴെ വരെ രണ്ടായി കീറി.

ആ അത്ഭുതത്തോടൊപ്പം സംഭവിച്ച മറ്റൊരത്ഭുതം കൂടിയുണ്ട്. അവന്റെ കുരിശിൻ ചുവട്ടിൽ കാവൽ നിന്നിരുന്ന ശതാധിപന്റെ ഹൃദയത്തിലെ തിരശ്ശീലയും കീറിപ്പോയി. അപ്പോൾ അവൻ വിളിച്ചു പറഞ്ഞു സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു.

യേശുവിന്റെ കുരിശുമരണം വിശ്വസിക്കുന്ന ഏതൊരാളുടെ ജീവിതത്തിലും ഹൃദയത്തിലെ തിരശ്ശീല കീറുകയെന്ന മഹാത്ഭുതം സംഭവിക്കുന്നില്ലെങ്കിൽ ആ മരണം അവന് ഒരു ചരിത്ര സംഭവം മാത്രമാകും.

എന്നാണ് മനുഷ്യഹൃദയത്തിൽ തിരശ്ശീല വീണത്? അതിന്റെ പരിണിതഫലങ്ങൾ എന്തായിരുന്നു? ഉൽപ്പത്തി പുസ്തകത്തിൽ നാം കണ്ടുമുട്ടുന്ന മനുഷ്യൻ ഹൃദയത്തിൽ മറയില്ലാത്തവനും സരളഹൃദയനുമായിരുന്നു. ആ ഹൃദയത്തിന്റെ സൗന്ദര്യം ഉൽപ്പത്തി പുസ്തകം 2-ാം അദ്ധ്യായം 23 മുതലുള്ള വാക്യങ്ങളിൽ പറയുന്നുണ്ട്. അപ്പോൾ അവൻ പറഞ്ഞു. ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും. നരനിൽ നിന്ന് എടുക്കപ്പെട്ടതുകൊണ്ട് നാരി എന്നിവൾ വിളിക്കപ്പെടും. ..... പരുഷനും അവന്റെ ഭാര്യയും നഗ്നരായിരുന്നു, എങ്കിലും അവർക്ക് ലജ്ജ തോന്നിയില്ല.

തങ്ങളുടെ നഗ്നതയിലും പരസ്പരം ലജ്ജ തോന്നാത്ത വിധമുള്ള ഒരു ഹൃദയസ്വാതന്ത്ര്യം മൂടുപടമിടാത്ത ആ ഹൃദയങ്ങൾക്കുണ്ടായിരുന്നു. അവളെ, തന്നെ പോലെ കാണാനും ഒറ്റ ശരീരമായി സ്നേഹിക്കാനുമുള്ള ഹൃദയബന്ധം മൂടുപടമണിയാത്ത ആ ഹൃദയങ്ങളിൽ വളർന്നിരുന്നു.

എന്നാൽ രുചിയോർത്തും, രസമോർത്തും, നേട്ടമോർത്തും ദൈവത്തെ മാറ്റിനിർത്തി ലോകം വച്ചുനീട്ടിയ വശ്യതയുടെ പിന്നാലെ പോയി അതിനടിമയായപ്പോൾ അവന്റെ സരളഹൃദയത്തിൽ മൂടുപടം വീഴുകയാണുണ്ടായത്. പിന്നീട് നാം കാണുന്നത് മനുഷ്യൻ മരത്തിന് മറഞ്ഞുനിന്ന് ദൈവത്തോട് സംസാരിക്കുന്നതും അസ്ഥിയുടെ അസ്ഥിയെന്ന് വിശേഷിപ്പിച്ചവളെ കൂട്ടിനുള്ള സ്ത്രീയായി കാണുന്നതുമാണ്. അവിടുന്നങ്ങോട്ടുള്ള മനുഷ്യചരിത്രം പരിശോധിക്കുമ്പോൾ മൂടുപടമണിഞ്ഞ ഹൃദയവുമായി ദൈവത്തോടും മനുഷ്യനോടും ആത്മബന്ധം പുലർത്താകാനാകാതെ കൊലപാതകത്തിന്റേയും വ്യഭിചാരത്തിന്റേയും വഞ്ചനയുടേയുമൊക്കെ ഉരുക്ക് ചങ്ങലകൾക്കകത്ത് ബന്ധിതനായി ജീവിക്കുന്ന മനുഷ്യനേയാണ് നാം കണ്ടുമുട്ടുന്നത്. ഇതിനിടയിൽ അറിയാത്ത ദൈവത്തെ അകലെ നിന്നാരാധിക്കുകയും അനുഭവിച്ചിട്ടില്ലാത്ത ദൈവത്തിന് ബലിയർപ്പിക്കുകയും ചെയ്യുന്ന കാഴ്ചകളുമുണ്ട്.

നിങ്ങളുടെ വസ്ത്രമല്ല, ഹൃദയമാണ് കീറേണ്ടത് എന്ന നിലവിളിയുമായി ഇസ്രായേൽ ജനതയുടെ അടുത്തേയ്ക്ക് അയയ്ക്കപ്പെടുന്ന പ്രവാചകൻ ആവശ്യപ്പെടുന്നത് ഹൃദയത്തിന്റെ മൂടുപടം കീറി ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കാനും മനുഷ്യനെ നിഷ്കപടമായി സ്നേഹിക്കാനുമാണ്. ഇതിന് കഴിയാത്ത മനുഷ്യന്റെ ആന്തരിക സംഘർഷവും ഈ വിപത്തിൽ നിന്ന് കരകയറാനുള്ള പരിശ്രമവും പഴയ നിയമത്തിലുടനീളം കാണാം.
ഹൃദയത്തിൽ മൂടുപടം വീണ മനുഷ്യന്റെ ജീവിതത്തിൽ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിദ്വേഷം, വിഭാഗീയത, മദ്യപാനം, മദിരോത്സവം ഇവ ആധിപത്യം പുലർത്തുന്നതായി കാണാം. ഇതിൽ നിന്നും മനുഷ്യനെ രക്ഷിക്കാനും, അവന്റെ അന്തരംഗത്തെ വിശുദ്ധീകരിക്കുവാനും ദൈവം തന്നെ ഇടപെടുന്നു. മനുഷ്യഹൃദയത്തെ മറയ്ക്കുന്ന തിരശ്ശീല കീറി അവനെ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് കൊണ്ടുവരാൻ തന്റെ പുത്രനെത്തന്നെ അവിടുന്ന് ലോകത്തിലേക്ക് അയച്ചു.

തനിക്കുവേണ്ടി കുരിശിൽ മരിച്ച നമ്മുടെ കർത്താവായ യേശുവിനെ ഒരുവൻ വ്യക്തിപരമായി സ്വീകരിക്കുമ്പോഴാണ് അവന് സ്വന്തം ഹൃദയത്തിലെ മൂടുപടം കീറിയ അനുഭവം ഉണ്ടാകുന്നത്. അവനെ സ്വീകരിച്ചവർക്കെല്ലാം, അവന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം അവൻ ദൈവമക്കളാകാൻ കഴിവു കൊടുത്തു. (യോഹ:1/12)

യേശുവിന്റെ പരസ്യജീവിതത്തിൽ തന്റെ അടുക്കലേക്ക് വരുന്നവർക്കെല്ലാം അവൻ ഈ സ്വാതന്ത്ര്യം നൽകുന്നതായി നാം കാണുന്നുണ്ട്. ഹൃദയത്തിൽ മൂടുപടം വീണ്, ആത്മാവിനേക്കാൾ ശരീരത്തിന്റെ സുഖങ്ങൾക്ക് പ്രാധാന്യം കൊടുത്ത് ദൈവത്തിൽ നിന്നും മനുഷ്യനിൽ നിന്നും അകന്ന് ജീവിക്കുന്നവളായിട്ടാണ് സുവിശേഷത്തിൽ നാം അവളെ കാണുന്നത്. എന്നാൽ യേശുവിലൂടെ ആ മൂടുപടം നീക്കപ്പെടുകയാണ്. അവൾ ദൈവമകളുടെ സ്വാതന്ത്ര്യം അനുഭവിച്ചു.

ഇത് തന്നെയാണ് സക്കേവൂസിന്റെ ജീവിതത്തിലും സംഭവിച്ചത്. ഹൃദയത്തിലെ മൂടുപടം മൂലം അന്ധനായ അയാൾ ധനാസക്തിയുടെ അടിമയായിത്തീർന്നു. യേശു അയാളുടെ വീട്ടിൽ ചെല്ലുമ്പോൾ സംഭവിക്കുന്നത് ഈ മൂടുപടം കീറലാണ്.

ഇന്ന് യേശുവിന്റെ കുരിശുമരണം വിശ്വസിക്കുകയും അതേറ്റുപറയുകയും ചെയ്യുന്ന ഏതൊരാളുടെ ജീവിതത്തിലും ഇത് സംഭവിക്കണം. മൂടുപടം കീറണം. തിരശ്ശീല മുകൾ മുതൽ താഴെ വരെ കീറണം. എങ്കിലേ ദൈവാനുഭവമുണ്ടാകൂ. സഭാനുഭവമുണ്ടാകൂ.

ഇന്ന് അനേകർ യേശുവിന്റെ കുരിശുമരണത്തെ ബുദ്ധി കൊണ്ട് അംഗീകരിക്കുന്നുണ്ട്. അത് അവരുടെ ഹൃദയത്തിലെ മൂടുപടം കീറാൻ കാരണമാകില്ല. പാപത്തിന്റെ അടിമത്തത്തിലായിരിക്കുന്ന തന്റെ ദയനീയാവസ്ഥ തിരിച്ചറിയുകയും അതിന് പരിഹാരമായ കുരിശിലേക്ക് ആഗ്രഹത്തോടെ നോക്കുകയും ചെയ്യുമ്പോഴാണ് അവന്റെ കുരിശുമരണത്തെ ഹൃദയം കൊണ്ട് സ്വീകരിച്ചു എന്ന് പറയാനാകുന്നത്. അപ്പോൾ നാമറിയാതെ നമ്മിൽ ആ മഹാത്ഭുതം നടക്കും. ഹൃദയത്തിലെ മൂടുപടമായ തിരശ്ശീല നടുവേ കീറും. നാം ദൈവമക്കളുടെ സ്വാതന്ത്ര്യമനുഭവിക്കും. അപ്പോൾ നാം ഉള്ളിൽ നിന്ന് പറയും. എന്റെ കർത്താവേ, എന്റെ ദൈവമേ. ഒപ്പം നാം സഹോദരനോടും പറയും. നീ എന്റേതാണ്.

ശ്രീ.ഷാജി വൈക്കത്തുപറമ്പിൽ.